ട്രഷറികളിൽനിന്നും സ്ഥിരനിക്ഷേപം പിൻവലിക്കൽ

*9 [159] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ഇടപാടുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങൾ എന്തൊക്കെയാണ്;

(ബി) സ്ഥിരം നിക്ഷേപം ട്രഷറികളിൽ നിന്നും പിൻവലിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം നിയന്ത്രണത്തിന്റെ പൂർണ്ണ വിവരം വെളിപ്പെടുത്താമോ;

(ഡി) കാലാവധി കഴിഞ്ഞാൽ മാത്രമേ സ്ഥിരം നിക്ഷേപം പിൻവലിക്കാവൂ എന്ന നിബന്ധന ഇത് സംബന്ധമായ കരാർ ലംഘനമാണെന്ന വസ്തുത സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ട്രഷറികളിൽ നിന്നുള്ള പേയ്മെന്റുകൾക്ക് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ടെന്നല്ലാതെ മറ്റൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സ്ഥിരനിക്ഷേപത്തിന് ഇത്തരമൊരു നിബന്ധന നിലവിലില്ല.

[*160-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

അബ്കാരി നയത്തിലെ മാറ്റങ്ങൾ

*10 [161] *ശ്രീ. മത്തായി ചാക്കോ:*

,, ടി. കെ. ദേവകുമാർ:

,, ടി. വി. രാമകൃഷ്ണൻ:

,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അബ്കാരി നയത്തിൽ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെ ആണെന്ന് വിശദമാക്കാമോ;

(ബി) 2005-2006-ലെ മദ്യനയത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; ഇതിനായി നിലവിലുള്ള നിയമത്തിലും ചട്ടത്തിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കള്ളുഷാപ്പുകൾ വേലം ചെയ്തു നൽകുന്നതു സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കള്ളുഷാപ്പുകളും വേലത്തിൽ പോയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(ഇ) ലേലത്തിൽ പോകാത്ത ഷാപ്പുകളെ സംബന്ധിച്ച് സർക്കാർ തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ബാറുകൾ അനുവദിക്കുന്നതിലും ഇൻഡ്യൻ നിർമ്മിത വിദേശമദ്യ വിൽപ്പനയെ സംബന്ധിച്ചും സർക്കാർ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്;

(ജി) ബിയർ ഉണ്ടാക്കുന്നതിനും ബിയർ പാർവറുകൾ അനുവദിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 2004-2005 വർഷത്തെ മദ്യനയവുമായി 2005-2006 വർഷത്തെ അബ്കാരി നയത്തിന് കാര്യമായ മാറ്റങ്ങൾ ഇല്ല. കള്ളുഷാപ്പുകളുടെ എണ്ണത്തിലും മാറ്റമില്ല. എന്നാൽ കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ്, വാർഷിക റെന്റൽ 1 ലക്ഷത്തിനു മുകളിലുള്ളതും ഇരുപതോ അതിൽക്കൂടുതലോ തൊഴിലാളികളുള്ളവയുമായ ഷാപ്പുകൾക്ക് 15% വും മറ്റുള്ളവയ്ക്ക് 25% വും ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ അനുവദിക്കുന്ന സ്ഥലത്ത് എല്ലാം ബിയർ പാർവർ അനുവദിക്കാം എന്ന് പുതിയ നയത്തിൽ തീരുമാനിച്ചിട്ടുണ്ട്. കെ.റ്റി.ഡി.സി.-യുടെ അധീനതയിലുള്ള തിരുവനന്തപുരത്തെ മസ്ക്കറ്റ് ഹോട്ടലിൽ പരീക്ഷണാടിസ്ഥാനത്തിൽ മൈക്രോ ബ്രുവറി സ്ഥാപിക്കാനുള്ള ലൈസൻസ് കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബാർ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചു.

(ബി) 2004-2005-ലെ മദ്യനയത്തിൽ നിന്നും വ്യത്യസ്തമായി കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ്, വാർഷിക റെന്റൽ 1 ലക്ഷത്തിനു മുകളിലുള്ളതും ഇരുപതോ അതിൽകൂടുതലോ തൊഴിലാളികളുള്ളവയുമായ ഷാപ്പുകൾക്ക് 15% വും മറ്റുള്ളവയ്ക്ക് 25% വും ലൈസൻസ് ഫീസ് ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ബാർ

LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടലുകൾ അനുവദിക്കുന്ന സ്ഥലത്തെല്ലാം ബിയർ പാർലർ അനുവദിക്കാം എന്ന് പുതിയ നയത്തിൽ തീരുമാനിച്ചിട്ടുണ്ട്. കെ.റ്റി.ഡി.സി.-യുടെ അധീനതയിലുള്ള തിരുവനന്തപുരത്തെ മസ്ക്കറ്റ് ഹോട്ടലിൽ പരീക്ഷണാടിസ്ഥാനത്തിൽ മൈക്രോ ബ്രൂവറി സ്ഥാപിക്കാൻ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബാർ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചിട്ടുണ്ട്. മദ്യനയം നടപ്പാക്കുന്നതിനായി ചട്ടങ്ങളിലും, നിയമങ്ങളിലും ചില ഇളവുകൾ അനുവദിക്കേണ്ടതായി വന്നിട്ടുണ്ട്. അതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

ബിയർ പാർലറുകൾ അനുവദിക്കുന്നതിനും ബാർ ലൈസൻസ് കൈമാറ്റം അനുവദിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറിൻ ലിക്കർ റൂൾസിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ മദ്യനയം നടപ്പാക്കുന്നതിനായി പുതുക്കലിലൂടെയും വിൽപ്പനയിലൂടെയും പോകാത്ത ഷാപ്പുകൾ വിറ്റുപോകേണ്ടതായ ആവശ്യത്തിനായി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസിൽ ചില ഇളവുകൾ വരുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

(സി) കള്ളുഷാപ്പുകൾ ലേലം ചെയ്യുന്ന സമ്പ്രദായം ഇപ്പോഴില്ല. ലൈസൻസിംഗ് സമ്പ്രദായമാണുള്ളത്.

(ഡി) ഇല്ല. സംസ്ഥാനത്തെ ആകെയുള്ള 4362 കള്ളുഷാപ്പുകളിൽ 4355 എണ്ണം പുതുക്കൽ/വിൽപ്പന വ്യവസ്ഥയിൽ പോയിട്ടുണ്ട്. ബാക്കി 7 കള്ളുഷാപ്പുകളിൽ 3 എണ്ണം കോടതി ഉത്തരവുമൂലം വിൽപ്പനയ്ക്ക് വയ്ക്കാൻ കഴിഞ്ഞിട്ടില്ല. 4 ഷാപ്പുകൾ കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം വിൽപ്പനയ്ക്കു വയ്ക്കുകയും വിൽപ്പനയിൽ പോയിട്ടില്ലാത്തതുമാണ്.

(ഇ) കോടതി സ്റ്റേമൂലം വിൽപ്പനയ്ക്ക് വയ്ക്കാൻ കഴിയാത്ത ഷാപ്പുകളുടെ കാര്യത്തിൽ സ്റ്റേ നീക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം വിൽപ്പനയ്ക്കു വച്ച നാലു ഷാപ്പുകൾ വിൽപ്പനയിൽ പോയിട്ടില്ല. ഇവ വിൽക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) മൂന്നുസ്റ്റാറും അതിനു മുകളിലും സ്റ്റാർ ഉള്ള ഹോട്ടലുകൾക്കാണ് ബാർ ലൈസൻസ് അനുവദിക്കുന്നത്. ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴിയും കൺസ്യൂമർഫെഡ് വഴിയുമാണ് വിൽപ്പന നടത്തുന്നത്.

(ജി) ബിയർ ഉണ്ടാക്കുന്നതിന് മൈക്രോ ബ്രൂവറി സ്ഥാപിക്കുന്നതിന് കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള തിരുവനന്തപുരത്തെ മസ്ക്കറ്റ് ഹോട്ടലിന് വാർഷിക ലൈസൻസ് ഫീസ് 5000 രൂപ നിശ്ചയിച്ച് പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നയത്തിൽ തീരുമാനിച്ചിട്ടുണ്ട്. ബാർ ലൈസൻസുകൾ നൽകാവുന്ന എല്ലാ പ്രദേശങ്ങളിലും മൂന്നും അതിനു മുകളിലുമുള്ള സ്റ്റാർ ഹോട്ടലുകൾക്ക് ബിയർ പാർലർ ലൈസൻസ് നൽകാൻ പുതിയ അബ്കാരി നയത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി

*11 [162] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) 1991-1992 മുതൽ നടപ്പാക്കിവരുന്ന ദേശീയ ഭവന നിർമ്മാണ പദ്ധതിക്കുപുറമേ 2004-2005 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അധിക ധനസഹായമായി ലഭിച്ച 15 കോടി രൂപയിൽ 10 കോടി രൂപ ഉപയോഗിച്ച് ഒരു പുതിയ ഭവനനിർമ്മാണ പദ്ധതികൂടി നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി അനുസരിച്ച് 2500 മത്സ്യത്തൊഴിലാളികൾക്ക് 40,000 രൂപ വീതം ഭവനനിർമ്മാണ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നടപടി

*12 [163] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
„ *സി. ടി. അഹമ്മദ് അലി:*
„ *ടി. പി. എം. സാഹിർ:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ രീതിയിൽ ശുദ്ധീകരിച്ച കുടിവെള്ളം പൈപ്പിലൂടെ വീടുകളിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കുടിവെള്ളം വിതരണം ചെയ്യുന്നതിനിടയിൽ മാലിന്യം കലരുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ മുൻകരുതലുകൾ എടുത്തിട്ടുണ്ട്;

(സി) വീടുകളിലെ പൈപ്പു തുറക്കുമ്പോൾ കലങ്ങിയ വെള്ളവും മറ്റ് പാഴ് വസ്തുക്കളും വരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly